മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) ഉണ്ട്. നിയമസഭാ മണ്ഡലങ്ങളുടെ അതിർത്തി പുനർനിർണ്ണയം നടത്തുന്നത് ഡീലിമിറ്റേഷൻ കമ്മീഷനാണ്. കേരളത്തെ സംബന്ധിച്ചുള്ള കരട് നിർദ്ദേശങ്ങൾ 8-11-2004-ൽ ഡൽഹിയിൽ കൂടിയ ഡീലിമിറ്റേഷൻ കമ്മീഷൻ മീറ്റിംഗിൽ കേരളത്തിൽ നിന്നുള്ള അസോസിയേറ്റ് അംഗങ്ങളുമായി ചർച്ച നടത്തുകയുണ്ടായി. അസോസിയേറ്റ് അംഗങ്ങൾ ഉന്നയിച്ച ഭേദഗതികൾ അനുസരിച്ച് വീണ്ടും യോഗം നടത്തുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

(ബി) ഇല്ല.

(സി) 2001-ലെ സെൻസസ് അടിസ്ഥാനത്തിലാണ് വിഭജന നിർദ്ദേശങ്ങൾ പരിഗണിച്ചു വരുന്നത്.

പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയം

*7 [6] *ശ്രീ. സി. ടി. അഹമ്മദ് അലി:*

„ *യു. സി. രാമൻ:*

„ *സി. മമ്മൂട്ടി:*

„ *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷന്റെ പരിധി നിർണ്ണയിച്ചതിൽ അശാസ്ത്രീയത നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനു പോലീസ് സ്റ്റേഷൻ പരിധി ശാസ്ത്രീയമായി പുനർനിർണ്ണയം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ)—(ഡി) കോഴിക്കോട് സിറ്റി കമ്മീഷണറുടെ അധീനതയിലുള്ള കുന്നമംഗലം, കൊടുവള്ളി പോലീസ് സ്റ്റേഷനുകളുടെയും കൊല്ലം ജില്ലയിലെ കൊട്ടാരക്കര, പൂയപ്പള്ളി, ചടയമംഗലം, പോലീസ് സ്റ്റേഷനുകളുടെയും അതിർത്തി പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ സ്ഥലം എം. എൽ. എ.-മാർ നൽകിയിരുന്നു. അവ സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly